**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 102** **27-01-2026 - ൽ മറുപടിയ്ക്ക്**

**ലോക കേരളസഭയുടെ തീരുമാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇതുവരെ നടത്തിയ ലോക കേരളസഭയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ലോക കേരള സഭകളിൽ ഉയർന്ന ശിപാർശകളിൽ താഴെ കാണുന്നവ നടപ്പാക്കിയിട്ടുണ്ട് .<br><br>1.കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്റ്റ്. Reststop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br><br>2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>3.വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ രൂപീകരിച്ചു.<br><br>4. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.<br><br>5. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. |

6.പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം ''ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

7.പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

8.പ്രവാസികളുടെ റവന്യൂ- സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവാസികളുടെ അപേക്ഷകളും മറ്റും സ്വീകരിക്കുന്നതിന് പ്രവാസി മിത്രം പോർട്ടൽ ആരംഭിച്ചു.

9.കേരളാ മൈഗ്രേഷൻ സർവേ 2023 സംഘടിപ്പിച്ചു.

10.പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായി സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ദുബായിൽ ആരംഭിച്ച കേന്ദ്രത്തിൽ 10 സ്റ്റാർട്ടപ്പുകൾ പ്രവർത്തിച്ചുവരുന്നു. ബെൽജിയത്തിൽ 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുകയും ഓസ്ട്രേലിയയിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു .

11.നോർക്ക കെയർ:- രാജ്യത്ത് ആദ്യമായി പ്രവാസികൾക്കു മാത്രമായി നോർക്ക കെയർ എന്ന പേരിൽ സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതി നടപ്പാക്കി. നോർക്ക ഐഡി കാർഡുള്ള പ്രവാസികൾക്ക് അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസും പത്ത് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും. നിലവിലുള്ള രോഗങ്ങൾക്കും കാത്തിരിപ്പ് കാലം ഒഴിവാക്കി പരിരക്ഷ ലഭിക്കുമെന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത.

12.പ്രവാസി മിഷൻ:- കേരളത്തിലേക്ക് തിരിച്ചെത്തുന്ന പ്രവാസികളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത സ്വഭാവം നൽകുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നിവ ലക്ഷ്യം വെച്ച് പ്രവാസി മിഷൻ രൂപീകരിച്ചു.

13.സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ - വിദേശ രാജ്യങ്ങളിൽ പഠിക്കുവാൻ പോകുന്ന വിദ്യാർത്ഥികൾക്ക് അതാത് രാജ്യങ്ങളിലെ നിയമങ്ങൾ, വിവിധ കോഴ്സുകൾ സംബന്ധിച്ച

വിവരങ്ങൾ , മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ യഥാസമയം ലഭ്യമാക്കുന്നതിന് ഒരു സമഗ്ര ഓൺലൈൻ സംവിധാനം സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ എന്ന പേരിൽ ആരംഭിക്കുന്നതാണ്.

14.ലോക കേരളം ഓൺലൈൻ:- ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന എന്ന നിലയിൽ ലോക കേരളം ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. പ്രവാസികൾക്ക് ആശയ വിനിമയത്തിനും തൊഴിൽ അവസരങ്ങൾ ഉൾപ്പെടെ ഉള്ള വിവരങ്ങൾ കൈമാറാനും സാംസ്കാരിക വിനിമയം സാധ്യമാക്കുന്നതിനും ഇതിലൂടെ കഴിയുന്നതാണ്. NHM, ആയുഷ് എന്നിവരുമായി സഹകരിച്ച് ലോക കേരളം ഓൺലൈനിലൂടെ ,മാനസിക ആരോഗ്യ, ആയുർവേദ കൺസൽട്ടേഷൻ സേവനങ്ങളും നൽകുന്നതാണ്.

15.നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ്:- കേരളത്തിന്റെ ആഗോള പ്രതിഛായ വർധിപ്പിക്കുക, കേരളത്തിന്റെ വികസന കാഴ്ചപ്പാടുകളുമായി പ്രവാസികളുടെ വൈദഗ്ധ്യവും അനുഭവപരിചയവും കൂട്ടിച്ചേർക്കുക എന്നിവ ലക്ഷ്യം വെച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മലയാളി പ്രൊഫഷണലുകളെയും സിഇഒമാരെയും ശാസ്ത്രജ്ഞൻമാരെയും ഉൾപ്പെടുത്തി പ്രഥമ നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ് 2025 സെപ്റ്റംബറിൽ 27 ന് സംഘടിപ്പിച്ചു.

നാലാം ലോക കേരള സഭയിൽ ലഭിച്ച ശിപാർശകളിൽ താഴെ പറയുന്നവ നടപ്പിലാക്കിവരുന്നു.

1. എജ്യുക്കേഷൻ കൺസൾട്ടൻസികളെ നിയന്ത്രിക്കുന്നതിനുള്ള ബിൽ:- വിദ്യാർത്ഥി കുടിയേറ്റം വർധിക്കുന്നതിനാൽ , എജ്യുക്കേഷൻ കൺസൾട്ടൻസികളും വിദേശ ഭാഷാ സ്ഥാപനങ്ങളും മറ്റും അനധികൃത റിക്രൂട്ട്മെന്റിനുള്ള വേദിയായി മാറുന്നത് തടയാൻ കേന്ദ്ര നിയമം ഇല്ലാത്തതിനാൽ ഇത്തരം കൺസൾട്ടൻസികളെ നിയന്ത്രിക്കാൻ സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന നിയമം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. NORKA പോലീസ് സ്റ്റേഷൻ:- സംസ്ഥാനത്ത് അനധികൃത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ്, മനുഷ്യക്കടത്ത് തുടങ്ങിയ കേസുകൾ കൈകാര്യം ചെയ്യാനും സുരക്ഷിത കുടിയേറ്റ രീതികളെക്കുറിച്ച്

| | | | |
|---|---|---|---|
| | | | ബോധവൽക്കരണം നൽകാനുമായി NORKA പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.<br><br>3. എയർപോർട്ടുകളിൽ നോർക്ക ഡെസ്ക്: നോർക്ക സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ നല്കാൻ കണ്ണൂർ, കൊച്ചിൻ എയർപോർട്ടുകളിൽ നോർക്ക ഇൻഫർമേഷൻ ഡസ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട എത്ര തീരുമാനങ്ങൾ ഇതിനകം കൈകൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ലോക കേരള സഭകളിൽ ഉയർന്ന ശിപാർശകളിൽ താഴെ കാണുന്നവ നടപ്പാക്കിയിട്ടുണ്ട് .<br><br>1.കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്റ്റ്. Reststop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br><br>2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>3.വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ രൂപീകരിച്ചു.<br><br>4. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.<br><br>5. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു.<br><br>6.പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം ''ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.<br><br>7.പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |

8.പ്രവാസികളുടെ റവന്യൂ- സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവാസികളുടെ അപേക്ഷകളും മറ്റും സ്വീകരിക്കുന്നതിന് പ്രവാസി മിത്രം പോർട്ടൽ ആരംഭിച്ചു.

9.കേരളാ മൈഗ്രേഷൻ സർവേ 2023 സംഘടിപ്പിച്ചു.

10.പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായി സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ദുബായിൽ ആരംഭിച്ച കേന്ദ്രത്തിൽ 10 സ്റ്റാർട്ടപ്പുകൾ പ്രവർത്തിച്ചുവരുന്നു. ബെൽജിയത്തിൽ 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുകയും ഓസ്ട്രേലിയയിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു .

11.നോർക്ക കെയർ:- രാജ്യത്ത് ആദ്യമായി പ്രവാസികൾക്കു മാത്രമായി നോർക്ക കെയർ എന്ന പേരിൽ സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതി നടപ്പാക്കി. നോർക്ക ഐഡി കാർഡുള്ള പ്രവാസികൾക്ക് അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസും പത്ത് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും. നിലവിലുള്ള രോഗങ്ങൾക്കും കാത്തിരിപ്പ് കാലം ഒഴിവാക്കി പരിരക്ഷ ലഭിക്കുമെന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത.

12.പ്രവാസി മിഷൻ:- കേരളത്തിലേക്ക് തിരിച്ചെത്തുന്ന പ്രവാസികളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത സ്വഭാവം നൽകുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നിവ ലക്ഷ്യം വെച്ച് പ്രവാസി മിഷൻ രൂപീകരിച്ചു.

13.സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ - വിദേശ രാജ്യങ്ങളിൽ പഠിക്കുവാൻ പോകുന്ന വിദ്യാർത്ഥികൾക്ക് അതാത് രാജ്യങ്ങളിലെ നിയമങ്ങൾ, വിവിധ കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ , മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ യഥാസമയം ലഭ്യമാക്കുന്നതിന് ഒരു സമഗ്ര ഓൺലൈൻ സംവിധാനം സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ എന്ന പേരിൽ ആരംഭിക്കുന്നതാണ്.

14.ലോക കേരളം ഓൺലൈൻ:- ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന എന്ന നിലയിൽ ലോക കേരളം ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. പ്രവാസികൾക്ക് ആശയ

വിനിമയത്തിനും തൊഴിൽ അവസരങ്ങൾ ഉൾപ്പെടെ ഉള്ള വിവരങ്ങൾ കൈമാറാനും സാംസ്കാരിക വിനിമയം സാധ്യമാക്കുന്നതിനും ഇതിലൂടെ കഴിയുന്നതാണ്. NHM, ആയുഷ് എന്നിവരുമായി സഹകരിച്ച് ലോക കേരളം ഓൺലൈനിലൂടെ ,മാനസിക ആരോഗ്യ, ആയുർവേദ കൺസൽട്ടേഷൻ സേവനങ്ങളും നൽകുന്നതാണ്.

15.നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ്:- കേരളത്തിന്റെ ആഗോള പ്രതിച്ഛായ വർധിപ്പിക്കുക, കേരളത്തിന്റെ വികസന കാഴ്ചപ്പാടുകളുമായി പ്രവാസികളുടെ വൈദഗ്ധ്യവും അനുഭവപരിചയവും കൂട്ടിച്ചേർക്കുക എന്നിവ ലക്ഷ്യം വെച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മലയാളി പ്രൊഫഷണലുകളെയും സിഇഒമാരെയും ശാസ്ത്രജ്ഞൻമാരെയും ഉൾപ്പെടുത്തി പ്രഥമ നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ് 2025 സെപ്റ്റംബറിൽ 27 ന് സംഘടിപ്പിച്ചു.

നാലാം ലോക കേരള സഭയിൽ ലഭിച്ച ശിപാർശകളിൽ താഴെ പറയുന്നവ നടപ്പിലാക്കിവരുന്നു.

1. എജ്യുക്കേഷൻ കൺസൾട്ടൻസികളെ നിയന്ത്രിക്കുന്നതിനുള്ള ബിൽ:- വിദ്യാർത്ഥി കുടിയേറ്റം വർധിക്കുന്നതിനാൽ , എജ്യുക്കേഷൻ കൺസൾട്ടൻസികളും വിദേശ ഭാഷാ സ്ഥാപനങ്ങളും മറ്റും അനധികൃത റിക്രൂട്ട്മെന്റിനുള്ള വേദിയായി മാറുന്നത് തടയാൻ കേന്ദ്ര നിയമം ഇല്ലാത്തതിനാൽ ഇത്തരം കൺസൾട്ടൻസികളെ നിയന്ത്രിക്കാൻ സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന നിയമം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. NORKA പോലീസ് സ്റ്റേഷൻ:- സംസ്ഥാനത്ത് അനധികൃത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ്, മനുഷ്യക്കടത്ത് തുടങ്ങിയ കേസുകൾ കൈകാര്യം ചെയ്യാനും സുരക്ഷിത കുടിയേറ്റ രീതികളെക്കുറിച്ച് ബോധവൽക്കരണം നൽകാനുമായി NORKA പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

3. എയർപോർട്ടുകളിൽ നോർക്ക ഡെസ്ക്: നോർക്ക സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ നല്കാൻ കണ്ണൂർ, കൊച്ചിൻ എയർപോർട്ടുകളിൽ നോർക്ക ഇൻഫർമേഷൻ ഡസ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ